# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

# നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

[Mahatma Gandhi NREGA Social Audit Society Kerala

(MGNSASK)]

---

*06.07.2021 ചൊവ്വാഴ്ച പകൽ 3 മണിയ്ക്ക്*

*വൈസ് ചെയർമാൻ ശ്രീ.എസ്.രാജേന്ദ്രൻ അവർകളുടെ*

*അധ്യക്ഷതയിൽ ചേർന്ന*

*11-ാമത് ഓൺലൈൻ ഗവേർണിംഗ് ബോഡി യോഗത്തിന്റെ*

# മിനിട്ട്സ്

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA ★ (Govt. of Kerala) ★
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ, 06.07.2021-ന് ഓൺലൈനായി ചേർന്ന, 11-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 11-ാമത് ഗവേർണിംങ് ബോഡിയോഗം 06.07.2021-ന് 3 മണിക്ക് ഓൺലൈനായി, ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്സ്, സെക്രട്ടറി, ജലവിഭവവകുപ്പിന്റെ നിർദ്ദേശാനുസരണം ബഹു. വൈസ് ചെയർമാൻ ശ്രീ. എസ്സ്.രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. വൈസ് ചെയർമാനും, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടറും (ഇൻചാർജ്ജ്) യോഗത്തിൽ നേരിട്ട് ഹാജരായി. മറ്റ് 7 ഗവേർണിംങ് ബോഡി അംഗങ്ങൾ ഓൺലൈനായും പങ്കെടുത്തു. (ഹാജർ അന്യത്ര ചേർത്തിട്ടുണ്ട്).

ആമുഖ പ്രസംഗത്തിനുശേഷം, അദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം, ഡയറക്ടർ അജണ്ട ഇനങ്ങൾ ക്രമപ്രകാരം വായിച്ച് അവതരിപ്പിച്ചു.

ചർച്ചകൾക്ക്ശേഷം കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ;

(1) ഓഡിറ്റിംഗ് സ്റ്റാൻഡേഴ്സ് മലയാള പരിഭാഷ കൈപുസ്തകം മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രിന്റ് ചെയ്തിരുന്നു എങ്കിലും രണ്ട് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃക പെരുമാറ്റച്ചട്ടങ്ങൾ കാരണം ഔദ്യോഗിക പ്രകാശനം സാദ്ധ്യമായിരുന്നില്ല ആയതിനാൽ ഇപ്പോൾ ഔദ്യോഗിക പ്രകാശനം ഉചിതമല്ലായെന്നും ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ പഞ്ചായത്ത് സെക്രട്ടറിമാർ, ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, ജില്ലാ റിസോഴ്സ് പേഴ്സൺമാർ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ, ഗവേർണിംങ് ബോഡി അംഗങ്ങൾ തുടങ്ങിയ ബന്ധപ്പെട്ട എല്ലാവർക്കും വിതരണം ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചു. ഔദ്യോഗിക പ്രകാശനത്തോടൊപ്പം സോഷ്യൽ ഓഡിറ്റ് വെബ്സൈറ്റിലും സോഫ്റ്റ് കോപ്പി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.

(2) സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ഒഴിവുള്ള തസ്തികയിലേയ്ക്കും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ തസ്തികകളും നികത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി സ്വീകരിക്കുവാനും ഫണ്ട് ലഭ്യത ഉറപ്പാക്കിയശേഷം ഗവേർണിംങ് ബോഡി അംഗീകാരത്തോടെ ഇവരെ നിയമിക്കുവാനും തീരുമാനിച്ചു.

(3) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ വേതനവിതരണ തടസ്സപ്പെട്ടതുമൂലം കാര്യമായ ജില്ലാതല റിവ്യൂ മീറ്റിംങ്ങുകൾ നടന്നിട്ടില്ല. മീറ്റിംങ്ങുകൾ നടക്കുന്ന അവസരങ്ങളിൽ ഗവേർണിംങ് ബോഡി അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ എല്ലാ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും ഒരിക്കൽകൂടി നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

(4) ജില്ലാ റിസോഴ്സ് പേഴ്സൺ & ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനത്തിനുള്ള ടൈംടേബിൾ തയ്യാറാക്കി നൽകി പരിശീലനം എത്രയും വേഗം നൽകുന്നതിന് കിലയോട് ആവശ്യപ്പടാൻ തീരുമാനിച്ചു.

(5) ജില്ലാ രജിസ്ട്രാർ സർട്ടിഫൈഡ് കോപ്പി നൽകിയതനുസരിച്ച് പുതുക്കിയ ബൈലോ പ്രകാരമുള്ള ജനറൽ ബോഡി, ഗവേർണിംങ് ബോഡി, എക്സിക്യൂട്ടീവ് കമ്മറ്റിയും പുനഃസംഘ ടിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി (ബൈലോ അനുസരിച്ച് Officials & Non Officials അംഗങ്ങളെ ഉൾപ്പെടുത്തി) സർക്കാരിലേയ്ക്ക് കത്തയ്ക്കുവാൻ ഡയറക്ടർക്ക് അനുവാദം നൽകി, ചുമതലപ്പെടുത്തി തീരുമാനിച്ചു.

(6) തിരുവനന്തപുരം Centre for Development Studies ഡയറക്ടറുമായി ബന്ധപ്പെട്ട് വർക്കിംങ് പേപ്പർ തയ്യാറാക്കാനുള്ള ചുമതല CDS-ന്നൽകുവാൻ തീരുമാനിച്ചു.

(7) ബഹു: തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ച പ്രകാരം തൊഴിലുറപ്പ് മേഖലയിലുള്ള വർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് പരിശീലനം നൽകുന്ന സമയത്ത് സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച് ക്ലാസ്സുകൾക്കായി ഒരു സെക്ഷൻ നീക്കിവയ്ക്കാൻ മിഷൻ ഡയറക്ടറോട് വീണ്ടും അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു.

(8) ലഭ്യമായ ഫണ്ടിന്റെ 60% ചെലവഴിച്ച ശേഷം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള കേന്ദ്ര ഗ്രാമ വികസന വകുപ്പിന് 27.11.2020-ന് (2020-21 സാമ്പത്തിക വർഷത്തേക്ക്) സമർപ്പിച്ച ഫണ്ട് പ്രൊപ്പോസലിലും 14.06.2021-ന് സമർപ്പിച്ച ഫണ്ട് പ്രൊപ്പോസലിലും (2021-22 സാമ്പത്തിക വർത്തേക്കുള്ളത്) നാളിതുവരെയായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിയ്ക്കുകയുണ്ടായില്ല. ബഹു: ത.സ്വ.ഭ.വ അഡീഷണൽ ചീഫ് സെക്രട്ടറി ഇതിനോടകം നടത്തിയ ഇടപെടലുകൾ യോഗം ചർച്ചചെയ്യുകയും, ബഹു:ത.സ്വ.ഭ.വകുപ്പ് മന്ത്രി ഇക്കാര്യം കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ബഹു: മുഖ്യമന്ത്രിയുടെ ശ്രദ്ധകൂടി ഈ വിഷയ ത്തിൽ ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബഹു: സർക്കാരിലേക്ക് അഭ്യർത്ഥിക്കു-ന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(9) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കൺകറന്റ് സോഷ്യൽ ഓഡിറ്റാണ് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഗുണപരമായ പ്രവർത്തനം നടത്താനുള്ള നിർദ്ദേശങ്ങൾ നിർവ്വഹണ ഏജൻസികൾക്ക് കൺകറന്റ് ഓഡിറ്റിന്റെ ഭാഗമായി നൽകുന്നുണ്ട്. ഈ കാലയളവിൽ, 102930 ഇഷ്യൂസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ഇഷ്യൂസ് ഗവേർണിംങ് ബോഡി അംഗങ്ങൾക്കുകൂടി ഇ-മെയിൽ ചെയ്യാൻ തീരുമാനിച്ചു.

(10) 15.12.2020-31.03.2021 & 01.04.2021-15.06.2021 വരെയുള്ള വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചു.

(11) 01.04.2020-31.03.2020 വരെയുള്ള ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചു

(12) പി.എം.എ.വൈ (ജി) & സ്വച്ഛ് ഭാരത് അഭിയാൻ എന്ന പദ്ധതി കൂടി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഏറ്റെടുക്കണമെന്ന കേന്ദ്ര സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള ചെയർമാന്റെ നിർദ്ദേശം ഡയറക്ടർ ഗവേർണിംങ് ബോഡിയിൽ റിപ്പോർട്ട് ചെയ്തു. പ്രസ്തുത നിർദ്ദേശത്തിന് ഗവേർണിങ് ബോഡി സാധൂകരണം നൽകുകയും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ റിസോഴ്സ് ക്യാപ്പബിലിറ്റി വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടി ടി കാര്യം അംഗീകരിച്ചു തീരുമാനിച്ചു.

(13) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന കാര്യത്തിൽ വസ്തുതകൾ പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

(14) നിലവിലുള്ള ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് തിരുവനന്തപുരം, കൊല്ലം &ആലപ്പുഴ ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ നികത്തണ മെന്നും അതോടൊപ്പം ഒഴിവുള്ള എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ തസ്തികളിലേയ്ക്കും അപേക്ഷ ക്ഷണിച്ച് ഒഴിവുകൾ നികത്താൻ തീരുമാനിച്ചു. അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രോസസ്സിംങ് ഇപ്പോൾ നടത്തേണ്ടതും ഫണ്ട് വരുന്നമുറയ്ക്ക് നിയമനം നടത്തുന്നതിനും സർക്കാർ നിർദ്ദേശിക്കുന്ന ഒരു ഇന്റർവ്യൂ ബോർഡ് ഇതിനായി വേണമെന്നും തീരുമാനിച്ചു.

(15) ശ്രീ.എസ്സ്. രാജേന്ദ്രൻ, ശ്രീമതി. ഗിരിജ സുരേന്ദ്രൻ, ശ്രീ.എൻ. രമാകാന്തൻ എന്നീ മൂന്നു പേരടങ്ങുന്ന ഒരു ഉപസമിതി സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് ചെയർമാനായി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഈ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

(16) സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഡയറക്ടറുടെ പൂർണ്ണചുമതലയും അധികാരവും 28.02.2020 മുതൽ നിർവ്വഹിച്ചുവരുന്ന സോഷ്യൽ ഡെവലപ്പമെന്റ് സ്പെഷ്യലിസ്റ്റിന് ആയതിലേക്ക് അലവൻസ് നൽകുന്നതിന് സമർപ്പിച്ച അപേക്ഷ അനുവദനീയമാണെന്ന് 10-ാമത് ഗവേർണിംങ് ബോഡിയുടെ 19-ാംനമ്പർ തീരുമാനപ്രകാരം വിലയിരുത്തുകയും ടി യോഗത്തിൽ ആയത് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തശേഷം സർക്കാരിൽ നിന്നും അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് നൽകുവാനും തീരുമാനിച്ചു.

(17) സോഷ്യൽഡെവലപ്പമെന്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട്, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ എന്നിവർക്ക് 9-ാമത് ഗവേർണിംങ് ബോഡിയുടെ 20-ാം നമ്പർ തീരുമാനമായ മെഡിക്കൽ അലവൻസ് ബാധകമാണോയെന്ന് ചർച്ച ചെയ്തപ്പോൾ തൊഴിലിടങ്ങളിൽ പണിയെ ടുക്കുന്നവർക്ക് മാത്രമേ ചികിത്സാസഹായം നൽകുന്നതിനുള്ള നിയമ വ്യവസ്ഥയുള്ളൂവെന്നും ആയതിനാൽ ഈ വിഷയം അടുത്ത ഗവേർണിംങ് ബോഡി യോഗത്തിലേക്ക് മാറ്റിവെച്ച് തീരുമാനിച്ചു.

(18) ശ്രീ. പുതുശ്ശേരി ശ്രീനിവാസന്റെ കരാർ കാലാവധി 05.03.2021-ന് അവസാനിച്ചത് പുതുക്കി നൽകേണ്ടതില്ലായെന്നും സേവന കാലാവധി 30.06.2021-യോടുകൂടി അവസാനിപ്പിച്ചതായി കണകാക്കാനും തീരുമാനിച്ചു.

(19) സോഷ്യൽ ഓഡിറ്റ് പ്രവർത്തനം എല്ലാ വാർഡുകളിലും വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ദുർഘടപ്രദേശങ്ങളിലും യാത്രാസൗകര്യം തീരെ കുറഞ്ഞ പ്രദേശങ്ങളിലും എത്തിപ്പെടുന്നതി നായി പ്രത്യേക പരിഗണന നൽകുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശത്തോടെ പ്രോപ്പോസൽ തയ്യാറാക്കാനും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങ ളുമായി ചർച്ചചെയ്ത് ആയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് അടുത്ത ഗവേർണിംങ് ബോഡിയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

(20) കേന്ദ്ര സർക്കാരിലേക്ക് നൽകിയ സോഷ്യൽ ഓഡിറ്റ് അസ്സെസ്സ്മെന്റ് ഇൻഡക്സ് അംഗീകരിച്ചു.

ചെയർമാൻ അനുവദിച്ച ഇതര വിഷയങ്ങൾ യോഗത്തിൽ ചർച്ചചെയ്യുകയും പൂർണ്ണ ചുമതല യുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടറെ അടിയന്തിരമായി നിയമിക്കുവാൻ ബഹു: സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(21) ഐടി മിഷൻ മുൻസിപ്പാലിറ്റിയിലും, കോർപ്പറേഷനിലും നടപ്പിലാക്കുന്ന മാപ്പത്തോൺ എന്ന പ്രോജക്ട് തത്ക്കാലം ഏറ്റെടുക്കണ്ടായെന്നും പിന്നീട് ചർച്ച ചെയ്ത് ഏറ്റെടുക്കാമെന്നും തീരുമാനിച്ചു.

(22) 2020-21 വർഷത്തെ ഭരണ റിപ്പോർട്ടിന്റെ കരട് ഡയറക്ടർ യോഗത്തിൽ സമർപ്പിച്ചു. ആയത് അടുത്ത യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിക്കാൻ തീരുമാനിച്ചു.

യോഗം 4.30-ന് അവസാനിച്ചു.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

എസ്സ്.രാജേന്ദ്രൻ
വൈസ് ചെയർപേഴ്സൺ &
ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള

<u>ഹാജർനില</u>

1. ശ്രീ. എസ്.രാജേന്ദ്രൻ, വൈസ് ചെയർപേഴ്സൺ, ഗവേർണിംഗ് ബോഡി
2. ശ്രീ. ഇ.ശ്രീകുമാർ, ഡയറക്ടർ (ഇൻചാർജ്ജ്) (എസ്.എ.യു. കേരള)

**ഓൺലൈനിൽ പങ്കെടുത്തവർ**

3. ശ്രീ. ബിജുക്കുട്ടൻ എം.എസ് (അഡീഷണൽ ത.സ്വ.ഭ.വ)
4. ഡോ. എൻ. രമാകാന്തൻ, മെമ്പർ ഗവേർണിംഗ് ബോഡി
5. ശ്രീമതി. പി. തങ്കം ടീച്ചർ, മെമ്പർ ഗവേർണിംഗ് ബോഡി.
6. ശ്രീമതി. ഗിരിജ സുരേന്ദ്രൻ, മെമ്പർ ഗവേർണിംഗ് ബോഡി.
7. ശ്രീ. സുഭാഷ്കുമാർ., സാമൂഹ്യനീതി വകുപ്പ്
8. ശ്രീ. അനീഷ്.ഡി, സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ